## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

28-10-2019 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.203

## ഫയർ ആന്റ് റസ്ക്യൂ സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.ദിവാകരൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫയർ ആന്റ് റസ്ക്യൂ സർവ്വീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കമോ; | എ) (1) ഏകദേശം 215 കോടി രൂപ അഗ്നിരക്ഷാ വകുപ്പിന്റെ ആധുനികവത്കരണത്തിനായി അനുവദിച്ചു.<br>(2) ഔട്ട് ബോർഡ് എഞ്ചിൻ അടക്കമുള്ള റബ്ബർ ബോട്ടുകൾ, സ്കൂബാ സെറ്റുകൾ. ഡൈവിംഗ് സ്യൂട്ടുകൾ, ബ്രീത്തിംഗ് അപ്പാരറ്റസുകൾ, എയർ കംപ്രസ്സറുകൾ. മിനി വാട്ടർ മിസ്റ്റ് ടെണ്ടറുകൾ, സ്കൂബാ വാനുകൾ, എമർജൻസി ടെണ്ടർ. ഫോം ടെണ്ടർ, മൾട്ടി യൂട്ടിലിറ്റി വെഹിക്കിൾ ഫോർ എമർജൻസി റെസ്പോൺസ്. ന്യൂമാറ്റിക് ലിഫ്റ്റിംഗ് ബാഗ്, ഫയർ ഫൈറ്റിംഗ് സ്യൂട്ട്. ആംബുലൻസ് എന്നിവ ലഭ്യമാക്കി വകുപ്പിലെ ജീവനക്കാർക്ക് യൂണിഫോം സാമഗ്രികൾ അനുവദിച്ചു<br>(3) കൊയിലാണ്ടി, അരൂർ. നാട്ടിക എന്നിവിടങ്ങളിൽ പുതുതായി 3 ഫയർ സ്റ്റേഷനുകൾ അനുവദിച്ചു<br>(4) ഏലൂർ (എറണാകുളം), മുക്കം (കോഴിക്കോട്), കണ്ണൂർ, നോർത്ത് പറവൂർ (എറണാകുളം) എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചു<br>(5) അടിയന്തര ഘട്ടങ്ങളിൽ വേഗത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി സിവിൽ ഡിഫൻസ് സംവിധാനം കേരളത്തിൽ ആരംഭിച്ചു.<br>(6) 100 ഫയർ വുമൺ തസ്തിക സൃഷ്ടിച്ചു |

| | | | |
|---|---|---|---|
| ബി) | ബഹുനില കെട്ടിടങ്ങളിലും ഫ്ലാറ്റുകളിലും തീപിടിത്തമുണ്ടായാൽ അവ നേരിടുന്നതിനാവശ്യമായ സംവിധാനങ്ങൾ ഫയർ ഫോഴ്സിന്റെ കൈവശമില്ലെങ്കിൽ ഇത് പരിഹരി ക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) | ബഹുനില കെട്ടിടങ്ങളിലും ഫ്ളാറ്റുകളിലും തീപിടുത്തമുണ്ടായാൽ അവ നേരിടുന്ന തിനാവശ്യമായ ആധുനിക ഉപകരണമായ ടേൺ ടേബിൾ ലാഡർ (TTL) 2 എണ്ണം എസ്.ടി.സി. മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Authar

സെക്ഷൻ ഓഫീസർ